പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 391 | 28.10.2019 -ൽ മറുപടിക്ക്

## നിലമ്പൂരിലെ പ്രളയ ബാധിതർക്ക് സൗജന്യ റേഷൻ

| ചോദ്യം<br>**ശ്രീ.പി.വി. അൻവർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) നിലമ്പൂർ താലൂക്കിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ഭക്ഷ്യ വകുപ്പ് സ്വീകരിച്ച നടപടികളും നൽകിയ സേവനങ്ങളും വിശദമാക്കാമോ ; | (എ) ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകൾ 24 മണിക്കൂറും കൺട്രോൾ റൂമുമായി ചേർന്ന് പ്രവർത്തിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ആവശ്യാനുസരണം ഭക്ഷ്യധാന്യങ്ങളും, മണ്ണെണ്ണയും, എൽ.പി.ജി യും യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലമ്പൂർ താലൂക്കിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കാൻ 23.10.2019 ന് അദാലത്ത് നടത്തിയിരുന്നു. പ്രളയ ബാധിത മേഖലയിലെ കുടുംബങ്ങൾക്ക് സെപ്റ്റംബർ മാസം സൗജന്യ റേഷനും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) പ്രളയ ദുരിതവുമായി ബന്ധപ്പെട്ട് പ്രസ്തുത താലൂക്കിൽ എത്ര കുടുംബങ്ങൾക്കാണ് ഇതുവരെ സൗജന്യ റേഷൻ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) നിലമ്പൂർ താലൂക്കിലെ 132698 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നല്കിയിട്ടുണ്ട്. |
| (സി) പ്രളയ സമയത്തെ ഉരുൾപൊട്ടലിലും പേമാരിയിലും പൂർണ്ണമായും വീട് തകർന്ന കുടുംബങ്ങൾക്ക് ഒരു വർഷത്തേക്കെങ്കിലും സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ ? | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യ വിഹിതം പരിമിതമായതിനാൽ ഈ വിഷയം നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**